# കൊച്ചുകത്രികയും കോടാലിയും

● സുരേന്ദ്രൻ എഴുപുന്ന

മരം വെട്ടുകാരന്റെ വീട്ടിലെ താമസക്കാരായിരുന്നു കൊച്ചു കത്രികയും കോടാലിയും. ഒരേ വീട്ടിലാണ് താമസമെങ്കിലും എപ്പോഴും പരസ്പരം കാണാൻ കഴിഞ്ഞിരുന്നില്ല.

മരം വെട്ടുകാരൻ കോടാലിയെ വളരെ സ്നേഹിച്ചിരുന്നു. അയാളുടെ തൊഴിലുപകരണമാണ് കോടാലി. അതില്ലെങ്കിൽ ജോലി ചെയ്യാൻ കഴിയില്ല. വീട്ടിൽ പട്ടിണിയാകും. അതിനാൽ മരംവെട്ടുകാരൻ കോടാലിയെ നിത്യവും എടുത്ത് മൂർച്ച കൂട്ടും. തുടച്ചു വൃത്തിയാക്കും. സ്നേഹത്തോടെ തലോടും. തൻമൂലം താൻ വലിയവനാണെന്ന് കോടാലിക്ക് തോന്നിത്തുടങ്ങി. അതോടെ അഹങ്കാരം കൂടിക്കൂടി വന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം കൊച്ചു കത്രികയും കോടാലിയും തമ്മിൽ കാണാനിടയായി. കോടാലി കൊച്ചു കത്രികയെ പുച്ഛത്തോടെ നോക്കി. കൊച്ചു കത്രികക്ക് സങ്കടംതോന്നി. ''ഏയ് ചങ്ങാതീ, നമ്മൾ രണ്ടാളും ഒരേ വീട്ടിൽ താമസിക്കുന്നവരല്ലേ... പിന്നെന്താ എന്നോടിത്ര പുച്ഛം?!''

## ഈച്ചയുടെ അത്യാർത്തി

ഈച്ചകൾക്ക് ആഹാരപദാർത്ഥങ്ങളോട് ആർത്തി കൂടുതലാണെന്ന് ചിലർ പറയുന്നു. ഈച്ചകൾ ആഹാരപദാർത്ഥങ്ങൾ നിറച്ചുവെച്ചിരിക്കുന്ന വലിയ പാത്രത്തിനുള്ളിൽ ചാടിക്കയറിയിരുന്ന് ആഹാരം കഴിക്കാറില്ലല്ലോ. ഈച്ചകൾ ഇങ്ങനെ ചെയ്യുന്നതിന് കാരണമുണ്ട് കേട്ടോ. ഈച്ചകൾ കാലിലൂടെയാണ് സ്വാദ് തിരിച്ചറിയുന്നത്. കാലിനടിയിൽ നൂറുകണക്കിന് ചെറിയ രോമങ്ങൾ ഉണ്ട്. ഇതാണ് ഈച്ചകളുടെ സ്വാദറിയൽ യന്ത്രം. കാലുകൾ കൊണ്ട് തൊട്ടുനോക്കി ആഹാരപദാർത്ഥം രുചികരമാണോ എന്ന് നോക്കിയാണ് ഈച്ചകൾ ശാപ്പിടുന്നത്. ഇതു കൂടാതെ ആനയുടെ തുമ്പിക്കൈ പോലെത്തന്നെ, ദ്രാവകരൂപത്തിലുള്ള ആഹാരം വലിച്ചെടുക്കാൻ ചെറിയൊരു തുമ്പിക്കൈയും ഈച്ചയ്ക്കുണ്ട്.



◆◆ പോർച്ചുഗീസുകാരുമായുള്ള സമ്പർക്കം മൂലം കേരളത്തിൽ രൂപംകൊണ്ട കലാരൂപം– ചവിട്ടുനാടകം




കൊച്ചു കത്രിക സങ്കടത്തോടെ ചോദിച്ചു.

''എന്റെ അടുത്ത് നിൽക്കാൻ പോലും യോഗ്യതയില്ലാത്ത നിന്റെ ചങ്ങാത്തം എനിക്കാവശ്യമില്ല.'' കോടാലി അഹങ്കാരത്തോടെ പറഞ്ഞു.

ഈ സംഭാഷണം മരംവെട്ടുകാരൻ കേൾക്കുന്നുണ്ടായിരുന്നു. കോടാലിയുടെ അഹങ്കാരത്തിന് അറുതിവരുത്തണമെന്ന് അയാൾ തീരുമാനിച്ചു. അയാൾ പതിവുപോലെ കോടാലി കൈയിലെടുത്തു.

''എന്റെ പ്രിയപ്പെട്ട കോടാലിക്കുട്ടാ, നിന്നോടെനിക്ക് വളരെ സ്നേഹമുണ്ടെന്ന് നിനക്കറിയാമല്ലോ. അതുകൊണ്ട് എന്നോട് നിനക്കും സ്നേഹമുണ്ടായിരിക്കും. എന്താ ശരിയല്ലേ..?'' അയാൾ ചോദിച്ചു.

''എന്താ സംശയം? സ്നേഹമുണ്ടെന്ന് മാത്രമല്ല, അങ്ങേയ്ക്കുവേണ്ടി എന്തു ചെയ്യാനും ഞാൻ തയ്യാറായിരിക്കുകയും ചെയ്യും.'' കോടാലി ഗമയോടെ പറഞ്ഞു.

''എന്നാൽ ഒരുപകാരം ചെയ്യണം. എന്റെ മീശ വല്ലാതെ വളർന്നിരിക്കുന്നു. നീ അതൊന്നു മുറിച്ചു വൃത്തിയാക്കിത്തരണം.'' മരംവെട്ടുകാരൻ അപേക്ഷിച്ചു.

''അയ്യോ, എനിക്കതിന് കഴിയില്ല!'' കോടാലി നിസ്സഹായാവസ്ഥ തുറന്നു പറഞ്ഞു.

അയാൾ കൊച്ചു കത്രികയെ അടുത്തേക്ക് വിളിച്ചു.

''കൊച്ചു കത്രികേ, എന്റെ മീശ ഒന്ന് മുറിച്ചു വൃത്തിയാക്കിത്തരാമോ?''

''അതിനെന്താ, മുറിച്ചു തരാമല്ലോ...''

കൊച്ചു കത്രിക വളരെ ശ്രദ്ധയോടെ മീശ മുറിച്ച് ഭംഗിയുള്ളതാക്കി.

ഇതു കണ്ട് അന്തം വിട്ടു നിൽക്കുകയായിരുന്നു കോടാലി. തന്നെക്കൊണ്ട് കഴിയാത്ത കാര്യം ഇത്തിരിയില്ലാത്ത കൊച്ചു കത്രികക്ക് കഴിഞ്ഞിരിക്കുന്നു! അവന് അവന്റേതായ കഴിവുണ്ട്. വലിയവനായ തനിക്ക് ഇല്ലാത്ത കഴിവ്.

മരം വെട്ടുകാരൻ കോടാലിയെ നോക്കി. അവൻ തല കുമ്പിട്ടു.

◈

◆◆ 'ഒന്നേകാൽ കോടി മലയാളികൾ' എന്ന ഗ്രന്ഥം രചിച്ചതാര്– ഇ.എം.എസ് നമ്പൂതിരിപ്പാട്